**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1050.**

**05.02.2020 ൽ മറുപടിയ്ക്ക്**

## സ്പിരിറ്റ് കലർന്ന മരുന്നുകളുടെ വിപണനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ജെ.മാക്സി | | ശ്രീ.ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | അലോപ്പതി/ആയുർവേദ/ ഹോമിയോ മരുന്നു വില്പനക്കാർ സ്പിരിറ്റ് കലർന്ന മരുന്നുകൾ വിപണനം നടത്തുന്നതിന് കേരള സ്പിരിച്വസ് പ്രിപ്പറേഷൻ കൺട്രോൾ റൂൾ പ്രകാരം എക്സൈസ് വകുപ്പിന്റെ അനുമതി വേണമെന്നിരിക്കെ ആയതുവാങ്ങാതെ വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. SPVII ലൈസൻസ് ഇല്ലാതെ ആയുർവേദ കടകളിൽ അരിഷ്ടാസവങ്ങൾ സൂക്ഷിച്ചതിന് 14 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | സ്പിരിറ്റിന്റെ അംശം കൂടുതലുള്ള ഇത്തരം മരുന്നുകൾ മദ്യത്തിനുപകരം ഡ്രഗ് ആയി ഉപയോഗിക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് തടയുവാനായി എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ആയുർവേദ വില്പനശാലകളിലും, ഡ്രഗ്സ് കൺട്രോൾ വിഭാഗവുമായി ചേർന്ന് അലോപ്പതി മരുന്നു വില്പന സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തി വരുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ മെഡിക്കൽ ഷോപ്പുകളിൽ വിപണനം നടത്തുന്ന ഏതെല്ലാം ഇനം മരുന്നുകൾക്ക് എക്സൈസ് വകുപ്പിന്റെ അനുമതി വേണമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (സി) | ആൽക്കഹോൾ/ മയക്കമരുന്നുകൾ എന്നിവ അടങ്ങിയ മരുന്നുകളുടെ വിപണന ആവശ്യങ്ങൾക്ക് മാത്രമാണ് എക്സൈസ് വകുപ്പിന്റെ അനുമതി ആവശ്യമുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ഇത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനയിൽ കണ്ടെത്തിയവ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (ഡി) | അലോപ്പതി/ആയുർവേദ/ഹോമിയോപ്പതി മരുന്നുകൾ വില്പന നടത്തിവരുന്ന സ്ഥാപനങ്ങൾക്ക് SPVI, SPVII ലൈസൻസുകൾ എടുക്കേണ്ടതാണെന്ന് സംസ്ഥാനത്തെ ചില ജില്ലകളിലെ പരിശോധനാ റിപ്പോർട്ടിൽ അക്കൗണ്ടന്റ് ജനറൽ പരാമർശിച്ച് കാണുന്നു. എന്നാൽ ആയുർവേദ മരുന്നുകൾ ലൈസൻസ് ഇല്ലാതെ ചില ഏജൻസികൾ വില്പന നടത്തിയിരുന്നത് ആയുഷ് വകുപ്പ് പ്രസിദ്ധീകരിച്ച ലിസ്റ്റിൽനിന്നും SPVII ലൈസൻസ് നല്കി പരിഹരിച്ചു വരുന്നു. അലോപ്പതി മരുന്നുകൾ വിൽക്കുന്ന സ്ഥാപനങ്ങളിലും ആൾക്കഹോൾ അടങ്ങിയ മരുന്നുകൾ വിൽക്കുന്നവർക്ക് ലൈസൻസ് നൽകി വരുന്നു. |
| (ഇ) | സ്പിരിറ്റിന്റെ വിപണന നിയന്ത്രണം നടത്തേണ്ട എക്സൈസ് വകുപ്പ് മരുന്നു കമ്പനികൾക്ക് ലൈസൻസ് അനുവദിക്കാത്തതും അതുമൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ഇ) | 2017 ൽ GST നിലവിൽ വന്നതോടെ M&TP Act പിൻവലിച്ച സാഹചര്യത്തിൽ M&TP ആക്ട് പ്രകാരം മരുന്നു നിർമാണത്തിന് അനുവദിച്ചു നൽകിയിരുന്ന L1, L2, L3 എന്നീ ലൈസൻസുകൾ പുതുക്കി നല്കുന്നതിനോ, പുതുതായി അനുവദിച്ചു നൽകുന്നതിനോ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ടി പ്രതിസന്ധി പരിഹരിയ്ക്കുന്നതിനായി Spirituous Preparations Control Rule-ൽ ഭേദഗതി വരുത്തുന്നതിനായി പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ ഡ്രഗ്സ് ലൈസൻസ് ഉള്ള സ്ഥാപനങ്ങളിൽ നിർമാണ പ്രവർത്തനങ്ങൾ മുടക്കം കൂടാതെ നടന്നുവരുന്നു. ആൾക്കഹോൾ അടങ്ങിയ മരുന്നുകൾ വിൽക്കാത്ത സ്ഥാപനങ്ങൾക്ക് SP-VI, SP-VII ലൈസൻസുകൾ ആവശ്യമില്ല. SP-VI, SP-VII ലൈസൻസ് അനുവദിക്കാത്തത് വഴിയുള്ള വരുമാന നഷ്ടം കണക്കാക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ